(സി) ഒഴിഞ്ഞു കിടന്ന തസ്തിക നികത്തിയിട്ടുണ്ട്.

(ഡി)

	2002	2003
എസ്. ഐ.	2	2
എ.എസ്.ഐ.	1	1
എച്ച്. സി.	7	8
പി. സി.	25	25

2002 ജനുവരിയിലെ മാറാട് സംഭവത്തിനുശേഷം 3 ഡി.വൈ.എസ്.പി./ സി.ഐ. എന്നിവരുടെ നേതൃത്വത്തിൽ 21 എസ്. ഐ. മാരും 360 എച്ച്.സി./ പി.സി. മാരേയും ഉൾപ്പെടുത്തി 15 പോലീസ് പിക്കറ്റുകൾ, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഏർപ്പെടുത്തി നിതാന്ത ജാഗ്രത പുലർത്തി വന്നിട്ടുണ്ട്. ആയതിനുശേഷം ഘട്ടംഘട്ടമായി കുറയ്ക്കുകയും 2-10-2002 തീയതിയിൽ മാറാട് നടന്ന സ്നേഹ സംഗമത്തിനുശേഷം 1 എ.എസ്.ഐ. 33 എച്ച്.സി./പി.സി. എന്നിവരെ ഉൾപ്പെടുത്തി 9 പിക്കറ്റ് പോസ്റ്റുകളും, ഒരു മൊബൈൽ പട്രോളും ഏർപ്പെടുത്തിയിരുന്നു. മാറാട് 2002 ജനുവരിയിൽ നടന്ന സംഘട്ടനത്തിന്റെ വാർഷികദിനമായ 3-1-2003-നോടനുബന്ധിച്ച് 30-11-2002 മുതൽ 5-1-2003 തീയതിവരെ 19 എസ്.ഐ./എ.എസ്.ഐ. 147 എച്ച്.സി./പി.സി. എന്നിവരെ ഉൾപ്പെടുത്തി 15 പിക്കറ്റ് പോസ്റ്റുകളും, 2 ഫുട്ട് പട്രോളും, 4 മൊബൈൽ പട്രോളും ഒരു സ്ട്രൈക്കിംഗ് ഫോഴ്സും ഏർപ്പെടുത്തി ജാഗ്രത പുലർത്തിയിരുന്നു.

മാധ്യമ പ്രവർത്തകരെ പോലീസ് മർദ്ദിച്ച സംഭവം

155 (2145) ശ്രീ. മഞ്ഞാളംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാധ്യമ പ്രവർത്തകർക്ക് പോലീസ് മർദ്ദനം ഏറ്റിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര മാധ്യമ പ്രവത്തകർക്ക് എതിരെ കേസ് എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ;

(സി) ചുരുങ്ങിയ കാലഘട്ടത്തിനുള്ളിൽ ഇത്രയും മാധ്യമ പ്രവർത്തകർക്ക് പോലീസ് മർദ്ദനം ഏൽക്കാനിടയായ കാരണങ്ങളെക്കുറിച്ച് ഒരു പരിശോധന നടത്തിയിട്ടുണ്ടോ ;

(ഡി) സംഘർഷം നടക്കുന്ന സ്ഥലത്ത് എത്തപ്പെടുന്ന മാധ്യമ പ്രവർത്തകർക്ക് അബദ്ധവശാൽ മർദ്ദനം ഏൽക്കുന്നതല്ലാതെ മനഃപൂർവ്വം മാധ്യമ പ്രവർത്തകരെ തെരഞ്ഞുപിടിച്ച് മർദ്ദിക്കുന്ന സംഭവം ഉണ്ടായിട്ടുണ്ടോ ;

(ഇ) എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) പോലീസ് മാധ്യമ പ്രവർത്തകരെ മർദ്ദിച്ചിട്ടില്ല. എന്നാൽ പോലീസ് മാധ്യമ പ്രവർത്തകരെ മർദ്ദിച്ചു എന്ന ആരോപണത്തിന്റെ അടിസ്ഥാനത്തിൽ 2 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

1. കോഴിക്കോട് - ദീപിക പത്ര റിപ്പോർട്ടറെ മർദ്ദിച്ചു എന്ന ആരോപണം സംബന്ധിച്ച് ചേവായൂർ പോലീസ് സ്റ്റേഷനിൽ ക്രൈം 74/03 യു/എസ്. 323, 324, 427 ആർ/ഡബ്ല്യൂ. 34 ഐ. പി. സി. പ്രകാരം കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

2. തിരുവനന്തപുരം കൈരളി റ്റി. വി. ക്യാമറാമാൻ സിന്ധുകുമാറിന് മർദ്ദനമേറ്റു എന്ന ആരോപണത്തിന്മേൽ മ്യൂസിയം പോലീസ് സ്റ്റേഷനിൽ ക്രൈം 163/02 ആയി ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ഈ കേസിൽ ആരോപണം കളവാണെന്ന് ബോദ്ധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്.

(ബി) 15 മാധ്യമ പ്രവർത്തകർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(സി) ഒറ്റപ്പെട്ട ആരോപണങ്ങൾ മാത്രം നിലനിൽക്കെ അപ്രകാരം പരിശോധന നടത്തേണ്ട സാഹചര്യം ഇല്ല.

(ഡി&ഇ) ഇല്ല.

തിരുവനന്തപുരം റൂറൽ എസ്.പി. ഓഫീസിൽ പെൻഡിംഗിലുള്ള പാസ്പോർട്ട് വെരിഫിക്കേഷൻ റിപ്പോർട്ടുകൾ

156 (2146) ശ്രീ. എം. എ. വാഹീദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) തിരുവനന്തപുരം റൂറൽ എസ്. പി. ഓഫീസിൽ വിജിലൻസ് വകുപ്പ് നടത്തിയ പരിശോധനയെത്തുടർന്ന് പ്രസ്തുത ഓഫീസിൽ എത്ര പാസ്പോർട്ടുകളുടെ വെരിഫിക്കേഷൻ റിപ്പോർട്ടുകളാണ് പെൻഡിംഗിൽ വച്ചിരുന്നത് ;

(ബി) പെൻഡിംഗിൽ വച്ചിരുന്ന റിപ്പോർട്ടുകളിൽ എത്രമാസംവരെ പഴക്കമുള്ളവയുണ്ടായിരുന്നു ;

(സി) പെൻഡിംഗിലിരുന്ന അപേക്ഷകൾ എല്ലാ നടപടിക്രമവും പൂർത്തിയാക്കി പാസ്പോർട്ട് ആഫീസിലേക്ക് അയച്ചുവോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പരിശോധന കഴിഞ്ഞ 2208 പാസ്പോർട്ടുകളുടെ റിപ്പോർട്ടുകൾ പെൻഡിംഗിൽ വച്ചിരുന്നു.

LIBRARY ARCHIVES Kerala Legislative Assembly